(സി) പുതിയതായി അനുവദിച്ച ശാഖകളിൽ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ടി ശാഖകളിൽ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും ഇല്ല.

ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ

109 (454) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര തുക ഗ്രാന്റായി നൽകി ; ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതം ; വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ 47 സഹകരണ സ്ഥാപനങ്ങൾക്ക് 85,27,500 രൂപ ഗ്രാന്റായി നൽകി. സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജില്ലാ അടിസ്ഥാനത്തിലല്ല ധനസഹായത്തിന് സംഘങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

നാട്ടിക മണ്ഡലത്തിലെ ത്രിവേണി/നന്മ/നീതി സ്റ്റോറുകൾ

110 (455) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി /നീതി/ നന്മ സ്റ്റോറുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്റ്റോറുകളിൽ വേണ്ടത്ര ഉല്പന്നങ്ങൾ വില്പനക്കില്ലാത്തതുകൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഒരു ത്രിവേണി സ്റ്റോറും 8 നീതി സ്റ്റോറുകളും 4 നന്മസ്റ്റോറുകളും പ്രവർത്തിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>തിരുവേണിസ്റ്റോറുകൾ</u>

തൃപ്രയാർ-1

നീതി സ്റ്റോറുകൾ

നാട്ടിക ഫർക്ക എസ്.സി.ബി.	1
വലപ്പാട് എസ്.സി.ബി.	2
നാട്ടിക എസ്.സി.ബി.	1
കരയാവട്ടം എസ്.സി.ബി.	1
ആവിണിശ്ശേരി എസ്.സി.ബി.	1
പഴുവിൽ എസ്.സി.ബി.	1
പാഴൂർ എസ്.സി.ബി.	1
ആകെ	8

<u>നന്മസ്റ്റോറുകൾ</u>

നാട്ടിക	1	ഫെഡറേഷൻ നേരിട്ട് നടത്തുന്നവ
തവളകുളം	1	
എടമുട്ടം	1	സഹകരണ സംഘങ്ങൾ മുഖേന നടത്തുന്നവ
തൃശ്ശൂർ ജില്ല വിധവ സഹായ സഹകരണ സംഘം	1	
ആകെ	4	

(ബി) ഈ സ്റ്റോറുകളിൽ വേണ്ടത്ര ഉൽപ്പന്നങ്ങൾ വിൽപ്പനയില്ലാത്തതു കൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിക്കുകയും തദ്വാരാ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കപ്പെടുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആറ് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ ലഭ്യമാക്കി സാധനങ്ങൾ സംഭരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.